## പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 4955**

**01.07.2013 - ൽ**
**മറുപടിയ്ക്ക്**

### സ്തീകളുമായി ബന്ധപ്പെട്ട കേസ്സ് അന്വേഷിക്കുന്നതിന് പുതിയ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>,, ഗീതാ ഗോപി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ റിസപ്ഷൻ കൗണ്ടറിന്റെയും, സീനിയർ സിറ്റിസൺ സെല്ലിന്റെയും ചുമതല വനിതാ പോലീസിനെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ സംവിധാനം ഏർപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ; | (എ) പോലീസ് സ്റ്റേഷനുകളിലെ റിസപ്ഷൻ കൗണ്ടറിന്റെയും സീനിയർ സിറ്റിസൺ സെല്ലിന്റെയും ചുമതല പ്രത്യേകമായി വനിതാ സിവിൽ പോലീസ് ഓഫീസർമാരെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ ഇവരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) കേരളത്തിൽ സ്ത്രീകളുമായി ബന്ധപ്പെട്ട കേസ്സ് അന്വേഷിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഈ സംവിധാനം പോലീസിന്റെ ഏതു തലം വരെയാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി 21.12.2012 ലെ സ.ഉ (കൈ)നം. 328/12/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഡോ. ബി. സന്ധ്യ ഐ.പി.എസ്, ശ്രീമതി ഉമാ ബഹറ ഐ.പി.എസ്, ശ്രീമതി. ചന്ദ്രൻ ചൗധരി ഐ.പി.എസ് എന്നിവർ എന്നിവർ അംഗങ്ങളായി വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (Women Investigation Team – WIT) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒളരെ പ്രമാദവും സംസ്ഥാന സർക്കാരോ പോലീസ് മേധാവിയോ ഏൽപ്പിക്കുന്നതുമായ കേസുകൾ മാത്രമായിരിക്കും ഈ ടീം നേരിട്ട് അന്വേഷിക്കുക. ഇത്തരം കേസുകളിൽ കേസന്വേഷണം ത്വരിതഗതിയിലും ഫലപ്രദവുമാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകാൻ ഈ ടീമിന് അധികാരമുണ്ടായിരിക്കും. ഈ ടീമിന് ആവശ്യമായ എല്ലാ സഹായങ്ങളും വനിതാ സെൽ എസ്.പി നൽകേണ്ടതും എല്ലാ മാസവും ഇത്തരം കേസുകളുടെ അവലോകനം നടത്തി റിപ്പോർട്ട് വനിതാ ഇൻവെസ്റ്റിഗേഷൻ ടീമിന് കൂടി ലഭ്യമാക്കേണ്ടതുമാണ്. |

**സെക്ഷൻ ഓഫീസർ**